പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1904     17/12/2012 - ൽ മറുപടിക്ക്

## മത്സ്യഫെഡിന്റെ വല നിർമ്മാണ ഫാക്ടറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ:<br>,, എ. എം. ആരിഫ്:<br>,, കെ. ദാസൻ:<br>,, സി. കൃഷ്ണൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യഫെഡിന്റെ വല നിർമ്മാണ ഫാക്ടറികൾ തകർക്കാൻ ആസൂത്രിത ശ്രമം നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വല നിർമ്മാണശാലകൾ സുഗമമായി തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. കണ്ണൂരിൽ പുതുതായി തുടങ്ങിയ ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണ തോതിൽ ആക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) മത്സ്യഫെഡ് ഏതെല്ലാം തരം വലകളാണ് നിലവിൽ നിർമ്മിച്ചുവരുന്നത് ; ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വലകൾ നിർമ്മിക്കാൻ മത്സ്യഫെഡിന് കഴിയുമോ ; എങ്കിൽ അതിനുള്ള ശ്രമങ്ങൾ നിർത്തിവെച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) മത്സ്യഫെഡ് നിലവിൽ പരമ്പരാഗത മേഖലയ്ക്കാവശ്യമായ താങ്ങുവല, മത്തിവല, അയല വല, വിവിധതരം ഒഴുക്കുവലകൾ, ഊന്നിവല, ചീനവല, ട്രോൾ വലകൾ, പഴ്സീൻ വലകൾ, ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള ഗിൽ നെറ്റുകൾ, മത്സ്യം വളർത്തുന്നതിനാവശ്യമായ കൂടുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്. ആഴക്കടൽ മത്സ്യബന്ധനം വളരെ പരിമിതമായി മാത്രമേ ഇന്ത്യയിൽ ഇപ്പോൾ നടക്കുന്നുള്ളൂ. അതുപോലെ കടലിലെ കൂടു മത്സ്യകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിന് വിവിധ ഗവേഷണ സ്ഥാപനങ്ങൾ ശ്രമിച്ചു വരുന്നുണ്ട്. താമസംവിന ഇത് ഇന്ത്യയിൽ വ്യാപക |

| | |
|---|---|
| | മാകുന്നതോടെ ആവശ്യമുള്ള വലകൾ നിർമ്മിച്ചു നൽകാൻ മത്സ്യഫെഡിന് കഴിയുന്നതാണ്. |
| (സി) മത്സ്യഫെഡ് പരമ്പരാഗത മേഖലയിൽ ഊന്നി മാത്രം വലകൾ ഉല്പാദിപ്പിച്ചാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ കാരണമെന്തായിരുന്നു ; | (സി) മത്സ്യഫെഡിന്റെ പ്രധാന പ്രവർത്തനം പരമ്പരാഗത മത്സ്യമേഖലയിലായതിനാൽ സ്വാഭാവികമായും വലകളുടെ ഉല്പാദനവും കൂടുതലായി പരമ്പരാഗത മത്സ്യമേഖലയെ ലക്ഷ്യം വെച്ചിട്ടുള്ളതാണ്. എന്നാൽ ട്രോൾ വലകൾ, പഴ്സീൻ വലകൾ, ആഴക്കടൽ ഗിൽനെറ്റുകൾ എന്നിവയും ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ഡി) മത്സ്യഫെഡ് വഴി കൊല്ലത്ത് സ്ഥാപിക്കാൻ മുൻസർക്കാർ തീരുമാനിച്ച വല നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം നിർത്തിവക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) കൊല്ലത്ത് വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിലില്ല. 2012-13 സാമ്പത്തിക വർഷത്തിലെ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിൽ വല നിർമ്മാണശാല ആരംഭിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം തിരുവനന്തപുരം ജില്ലയിൽ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ